പത്രക്കുറിപ്പ്
14-11-2017

## കുടുംബശ്രീയുടെ ഭക്ഷ്യസുരക്ഷയ്ക്ക് എന്റെ കൃഷി, കേരളമാകെ ഇപ്പോൾ ഏഴ് ലക്ഷത്തോളം ഭക്ഷ്യസുരക്ഷാ ഭവനങ്ങൾ

തിരുവനന്തപുരം: പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്ത എന്ന ലക്ഷ്യം മുൻനിർത്തി കുടുംബശ്രീ ആവിഷ്ക്കരിച്ച ഭക്ഷ്യസുരക്ഷയ്ക്ക് എന്റെ കൃഷി പദ്ധതി എല്ലാ ജില്ലകളിലും മികച്ച രീതിയിൽ പുരോഗമിക്കുന്നു. കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ അംഗങ്ങളെല്ലാം അവർക്കാവശ്യമുള്ള പച്ചക്കറികൾ സ്വയം ഉത്പാദിപ്പിക്കുന്നതിനും ആവശ്യക്കാരായ മറ്റുള്ളവരിലേക്ക് എത്തിക്കുന്നതിനുമായി ആവിഷ്ക്കരിച്ച പദ്ധതിയാണിത്. പദ്ധതിയിൽ അംഗമാകുന്ന ഏവർക്കും പരിശീലനം നൽകും, അന്നേ ദിവസം തന്നെ ഓരോ അംഗത്തിനും മികച്ച ഇനം വിത്തുകളും വിതരണം ചെയ്യും.

ഓഗസ്റ്റ് 17 (കർഷക ദിനം കൂടിയായ ചിങ്ങം1)നാണ് കേരളത്തിലാകെ പദ്ധതി ആരംഭിച്ചത്. തുടക്കത്തിൽ ആറ് ലക്ഷം കുടുംബങ്ങളിൽ നിന്നുള്ള അയൽക്കൂട്ട അംഗങ്ങൾക്ക് പരിശീലനവും വിത്തും നൽകി. ഇത്തരത്തിൽ കൃഷി ആരംഭിച്ച കുടുംബങ്ങൾ പലവട്ടം വിളവെടുക്കുകയും ചെയ്തു. ഇപ്പോൾ ഏഴ് ലക്ഷത്തോളം കുടുംബങ്ങളിൽ ഇതനുസരിച്ച് കൃഷി നടത്തുന്നു. പദ്ധതിക്ക് കീഴിൽ കൃഷി നടത്തി പച്ചക്കറി ഉത്പാദിപ്പിക്കുന്ന കുടുംബങ്ങളെ ഭക്ഷ്യസുരക്ഷാ ഭവനങ്ങളായാണ് കണക്കാക്കുന്നത്. പ്രത്യേകമായി തയാറാക്കിയ ഭക്ഷ്യസുരക്ഷാ ഭവനം ലോഗോ സ്റ്റിക്കറും ഈ ഓരോ വീടുകൾക്കും നൽകുന്നു. അടുത്ത ഘട്ടത്തിൽ 20 ലക്ഷം കുടുംബങ്ങളെയാണ് ഭക്ഷ്യസുരക്ഷാ ഭവനങ്ങളാക്കി മാറ്റാൻ കുടുംബശ്രീ ലക്ഷ്യമിടുന്നത്.

വയോജന അയൽക്കൂട്ടമടക്കമുള്ള പ്രത്യേക അയൽക്കൂട്ടങ്ങളും പദ്ധതിയിൽ പങ്കെടുക്കുന്നുണ്ട്. പദ്ധതിയുടെ ഭാഗമാകാൻ താത്പര്യമുള്ള അയൽക്കൂട്ട അംഗങ്ങളെ നാല് പേരുള്ള ഗ്രൂപ്പായി തിരിക്കുന്നു. പരിശീലനത്തിന് മുമ്പ് ഗ്രൂപ്പുകൾ സിഡിഎസിൽ പത്ത് രൂപ അടച്ച് രജിസ്ട്രേർ ചെയ്യുകയും വേണം. ഓരോ സീസണിലും രജിസ്ട്രേഷൻ പുതുക്കണം. കുറഞ്ഞത് 3 സെന്റ് സ്ഥലത്തെങ്കിലും ഓരോ ഗ്രൂപ്പും ആകെ കൃഷി ചെയ്യണം. 25 സെന്റ് സ്ഥലത്ത് വരെ കൃഷി ചെയ്യാം. ഗ്രോബാഗ് കൃഷിയാണെങ്കിൽ ഗ്രൂപ്പിലെ ഒരംഗത്തിന് കുറഞ്ഞത് 20 ഗ്രോബാഗുകളെങ്കിലും വേണമെന്നതാണ് നിബന്ധന. ഓരോ അംഗവും 5 ഇനം പച്ചക്കറികളെങ്കിലും സ്വന്തം വീട്ടിൽ കൃഷി ചെയ്യുകയും വേണം.

ഓരോ ഗ്രൂപ്പുകൾക്കും മാസ്റ്റർ കർഷകയും മാസ്റ്റർ കർഷക പരിശീലകരുമാണ് പരിശീലനം നൽകുന്നത്, മാസ്റ്റർ കർഷകയ്ക്ക് മാസ്റ്റർ കർഷക പരിശീലകരും പരിശീലനം നൽകുന്നു. ഗ്രൂപ്പുകൾക്ക് കുറഞ്ഞത് രണ്ട് മണിക്കൂർ പരിശീലനം നൽകും. കൃഷി ചെയ്യേണ്ടതിന്റെ ആവശ്യകത, പച്ചക്കറി കൃഷി പരിപാലനം, അടുക്കള മാലിന്യസംസ്ക്കരണവും ജൈവവള നിർമ്മാണവും തുടങ്ങിയ വിഷയങ്ങളിലാണ് പരിശീലനം. ഒരംഗത്തിന് 20 രൂപയുടെ വിത്തുകളാണ് നൽകുന്നത്. കുടുംബശ്രീ യൂണിറ്റുകൾ, വിഎഫ്പിസികെ (വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള), കേരള കാർഷിക സർവ്വകലാശാല, മറ്റ് സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ഗുണമേന്മയുള്ള വിത്തുകളാണിത്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ